# ആമുഖം

പ്രിയപ്പെട്ടവരേ,

മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2025-26 സാമ്പത്തിക വർഷത്തേക്കുള്ള പ്രതീക്ഷിത വരവ്ചെലവ് കണക്കുകളാണ് ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. മുട്ടം ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക പരിമിതികൾക്കുള്ളിൽ നിന്ന്, എന്നാൽ പഞ്ചായത്തിന്റെ അനിവാര്യവും പൊതുവായതുമായ ചുമതലകൾ ഫലപ്രദമായി നിറവേറ്റുന്നതിന് ഉതകുന്നതുമായ ബഡ്ജറ്റ് രൂപീകരണത്തിനാണ് പ്രാമുഖ്യം നൽകിയിട്ടുള്ളത്. സംസ്ഥാന ബഡ്ജറ്റ് വിഹിതവും കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫിനാൻസ് കമ്മീഷൻ ഗ്രാന്റും മെയിന്റെനൻസ് ഗ്രാന്റുകളും സർക്കാർ നിബന്ധനകൾക്കുള്ളിൽ നിന്നുതന്നെ ചെലവഴിക്കേണ്ടതുണ്ട്. എന്നിരിക്കിലും ഇവയുടെ യുക്തവും ഫലപ്രദവുമായ വിനിയോഗത്തിന് വഴിയൊരുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ പൂർത്തീകരണമായി ഈ ബഡ്ജറ്റ് തയ്യാറാക്കിയിരിക്കുന്നു. തനത്ഫണ്ട് വരുമാനം സാധ്യമായവഴികളിലൂടെ വർദ്ധിപ്പിച്ച് കൂടുതൽ സാമ്പത്തികഭദ്രത ഉറപ്പുവരുത്തുക എന്നത് ഈ ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്ന ആശയമാണ്. കെട്ടിടനികുതിയിലും ലൈസൻസ് ഫീസ് ഇനത്തിലും പ്രൊഫഷണൽ ടാക്സ് ഇനത്തിലും വാടക, ലേലം എന്നിവയിലും നൂറുശതമാനം കളക്ഷൻ ഉറപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ബഡ്ജറ്റ് നിഷ്കർഷിക്കുന്നു.

അടിസ്ഥാനപരമായി കാർഷികമേഖലയെ ആശ്രയിക്കുന്ന മുട്ടം ഗ്രാമപഞ്ചായത്ത് അതിന്റെ വികസനലക്ഷ്യങ്ങളിൽ കൃഷിമേഖലയ്ക്ക് പ്രാഥമിക പരിഗണന നൽകുന്നതിന് പ്രതിജ്ഞാ ബദ്ധമാണ്. ക്ഷീരവികസന മേഖലയിലും മൃഗസംരക്ഷണമേഖലയിലും കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിലൂടെയും വ്യക്തിഗത ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് അനുവദിക്കാവുന്ന സഹായങ്ങൾ ലഭ്യമാക്കുന്നതി ലൂടെയും ഗ്രാമവാസികളുടെ വരുമാനോപാധികളായ പശു, കോഴിവളർത്തൽ എന്നീ തൊഴിലുകൾക്ക് പ്രോത്സാഹനം നൽകുന്നു.

ഓഫീസ് പ്രവർത്തനങ്ങൾക്കും അനിവാര്യ ചുമതലകൾക്കുംവേണ്ടി ഫണ്ട് മാറ്റിവയ്ക്കുന്നതി നോടൊപ്പം മാറിവരുന്ന സാഹചര്യത്തിൽ ശുചിത്വത്തിന്റെയും കുടിവെള്ളലഭ്യതയുടെയും മേഖലയിൽ പഞ്ചായത്ത് ഏറ്റെടുക്കേണ്ടതായിവരുന്ന പുതിയ ഉത്തരവാദിത്വങ്ങൾക്ക് ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിരിക്കുന്നു. ജനങ്ങളുടെ ഒഴിവാക്കാനാവാത്ത ആവശ്യങ്ങളായ ഭവനം, ഭക്ഷണം, കുടിവെള്ളം, ആരോഗ്യം എന്നിവ ലഭ്യമാക്കുന്നത് അടിയന്തിരപ്രാധാന്യത്തോടെ പഞ്ചായത്ത് ഏറ്റെടുത്തിരിക്കുന്നു. കുടിവെള്ള ടാങ്ക വിതരണത്തിലൂടെയും പൈപ്പ്ലൈൻ എക്സ്റ്റൻഷനിലൂടെയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലം എത്തിച്ചുനൽകുന്നതിന് പഞ്ചായത്ത് പ്രതിജ്ഞാ ബദ്ധമാണ്. വനിതാ വികസനത്തിന്റെ മേഖലയിൽ ശ്രദ്ധേയമായ സേവനം കാഴ്ച്ചവയ്ക്കുന്ന കുടുംബശ്രീ വിഭാഗവും ഹരിതകർമ്മസേന പ്രവർത്തനവും പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ആസ്തികളുടെ പുനരുദ്ധാരണവും പുതിയറോഡുകളുടെ നിർമ്മാണവും തെരുവ്വിളക്കുകളുടെ മെയിന്റനൻസും ഏറ്റെടുക്കുവാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

മുട്ടം ഗ്രാമപഞ്ചായത്തിന്റെ ഭാവിവാഗ്ദാനങ്ങളായ വിദ്യാർത്ഥികളുടെ സുരക്ഷയും പഠന സാഹചര്യങ്ങളും ഉയർന്ന നിലവാരത്തിലുള്ളതാക്കാൻ തുകവകയിരുത്തിയിരിക്കുന്നു. അംഗൻവാടി കുട്ടികൾ, സ്കൂൾ കുട്ടികൾ, അഗതികൾ, അതിദരിദ്രർ എന്നിവർക്ക് തണലേകുന്ന വിധത്തിലാണ് ഈ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ളത്. കർമ്മനിരതരായ ജനപ്രതിനിധികളുടെയും സ്ഥിരോത്സാഹികളായ ജീവനക്കാരുടെയും ചിട്ടയായ പ്രവർത്തനങ്ങളും സാമ്പത്തിക അച്ചടക്കവുംകൊണ്ട് പുരോഗതിയുടെ പാതകൾ താണ്ടിക്കൊണ്ടിരിക്കുന്ന മുട്ടം ഗ്രാമപഞ്ചായത്തിന്റെ ഭാവി ഭാസുരമാകുന്നതിന് ഈ ബഡ്ജറ്റ് ഒരു നിദാനമാവട്ടെ. ജനങ്ങളുടെ ഭാവിയും നാടിന്റെ ഉന്നതിയും ഉറപ്പുവരുത്തി മുന്നോട്ടുപോകുന്നതിനുള്ള ആശയങ്ങൾ ഈ ബഡ്ജറ്റിലൂടെ സാക്ഷാത്കരിക്കട്ടെ എന്ന് ആശംസിക്കുന്നു.

(ഒപ്പ്)

**പ്രസിഡന്റ്, മുട്ടം ഗ്രാമപഞ്ചായത്ത്**

# ബഡ്ജറ്റ് പ്രസംഗം

ബഹു. പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, പ്രിയപ്പെട്ട മെമ്പർമാർ പഞ്ചായത്ത് സെക്രട്ടറി, അസി. സെക്രട്ടറി, ഹെഡ് ക്ലർക്ക്, ഹെഡ് അക്കൗണ്ടന്റ്, നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെ യുള്ള ജീവനക്കാർ, പ്ലാനിംഗ് കമ്മിറ്റി അംഗങ്ങൾ, മാധ്യമ സുഹൃത്തുക്കളെ, പ്രിയമുള്ളവരെ.

പ്രിയമുള്ളവരെ, മുട്ടം ഗ്രാമപഞ്ചായത്തിന്റെ 2026-27 സാമ്പത്തിക വർഷത്തെ വാർഷിക ബഡ്ജറ്റ് അവതരണ കമ്മിറ്റിയിൽ എത്തിയ എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ലഭ്യമായ വിഭവങ്ങളുടെ സന്തുലിതവും നീതിയുക്തവും വിവേചനരഹിതവുമായ വിവരണമാണ് ഏതു ജനകീയ ബഡ്ജറ്റിന്റെയും അടിസ്ഥാനമൂല്യം. മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി തദ്ദേശസ്ഥാപനങ്ങളുടെ സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി കേരള സർക്കാർ ഇൻഫർമേഷൻ കേരള മിഷന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത കെ സ്മാർട്ട് സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയത് ഈ ഭരണസമിതിയുടെ ആദ്യ ബഡ്ജറ്റ് കൂടിയാണ് എന്ന പ്രത്യേകതയും 2026-27 വർഷത്തെ ഈ ബഡ്ജറ്റിനുണ്ട്. പ്രാദേശികവും സാമ്പത്തികവുമായ വളർച്ച എന്ന ലക്ഷ്യത്തിൽ അടിയുറച്ചു നിന്നുകൊണ്ടാണ് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ടുതന്നെ പഞ്ചായത്തിന്റെ വികസന സാധ്യതകൾ മുൻനിർത്തി ഓരോ മേഖലയിലും അനിവാര്യമായ കർമ്മ പദ്ധതികൾ രൂപകൽപ്പന ചെയ്തുകൊണ്ടാണ് നാം ഓരോ ചുവടും മുന്നേറികൊണ്ടിരിക്കുന്നത്. പ്രാദേശിക സർക്കാരുകളായ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ക്ഷേമ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിർലോഭമായ പിന്തുണ ഒന്നുകൊണ്ട് മാത്രമേ സാധ്യമാകുകയുള്ളൂ. വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവശ്യമായ ധനസഹായവും അനുമതിയും കേന്ദ്ര സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാകും എന്ന ശുഭാപ്തി വിശ്വാസത്തോടെയാണ് ഈ ബജറ്റിൽ വിവിധ പദ്ധതികൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. 2025-26 കാലയളവിലെ 2474963/ രൂപ നീക്കി ബാക്കിയും 146310197/ രൂപ തന്നാണ്ട് വരവും ഉൾപ്പെടെ 148785160/ രൂപ ആകെ വരവും 146135160/ രൂപ ചെലവും 2650000/ രൂപ നീക്കി ബാക്കിയുമാണ് 2026-27 ബജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിക്കുന്നത്. ഉത്പാദനമേഖലയിൽ പച്ചക്കറി, വാഴക്കൃഷി, കിഴങ്ങുകൃഷി, തെങ്ങ് കൃഷി തുടങ്ങിയവയുടെ വികസനത്തിനായുള്ള പദ്ധതികളും കാർഷിക വിളകളെ നശിപ്പിക്കുന്ന കാട്ടുപന്നികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതിയും അതുപോലെതന്നെ കറവപശുക്കൾക്കുള്ള പദ്ധതിയും കൂടാതെ വനിതകൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

സേവനമേഖലയിൽ എല്ലാവർക്കും വീടെന്ന സ്വപ്നം യാഥാർത്ഥ്യം ആക്കുന്നതിനുള്ള പദ്ധതിയും വയോജനങ്ങളുടെ ക്ഷേമത്തിനായി വാർഡ് അടിസ്ഥാനത്തിൽ വയോജന ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും കുട്ടികളുടെ സർഗ്ഗശേഷി വർദ്ധിപ്പിക്കുന്നതിനായി ബാലസഭ പോലെയുള്ള പദ്ധതികളും സ്കൂളുകളിൽ ലഹരിക്കെതിരെയുള്ള ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന

തിനുള്ള പദ്ധതിയും ഈ ബഡ്ജറ്റിൽ ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബിരുദ വിദ്യാർ ത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചു. മാലിന്യ സംസ്കരണം മെച്ചപ്പെടുത്തു ന്നതിന് നമ്മുടെ മുട്ടം നമ്മുടെ സുന്ദരം എന്ന പദ്ധതിയും ഈ ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനായി പഞ്ചായത്തിന്റെ സ്വപ്നപദ്ധതികളായ ടൗൺ സൗന്ദര്യ വത്കരണവും ടൂറിസത്തിന്റെയും കായിക മേഖലയുടെയും പുരോഗതിക്കായി സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടുകൂടി ഒരു ബൃഹത്തായ പദ്ധതിയും രൂപകൽപ്പന ചെയ്തിട്ടുണ്ട്.

പാർപ്പിടം : മുട്ടം പഞ്ചായത്തിലെ സ്വന്തമായി വീടില്ലാത്ത എല്ലാവർക്കും വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനു വേണ്ടി പി.എം.എ.വൈ/ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും സ്റ്റേറ്റ് ഷെയർ, ഹഡ്കോ ലോൺ ഉപയോഗിച്ചും ഭവനരഹിതർക്ക് ഭവനവും ഭൂരഹിതർക്ക് ഭൂമിയും വീട് പണി പൂർത്തീകരിക്കുവാൻ സാധിക്കാത്ത നിർധനരായവർക്ക് വീടിന്റെ അറ്റകുറ്റപണികൾ തീർത്ത് വാസയോഗ്യമാക്കുന്നതിനും സമ്പൂർണ്ണ ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി 23700000(2കോടി 37 ലക്ഷം) രൂപ വകയിരുത്തിയിരിക്കുന്നു.

കുടിവെള്ളം : കുടിവെള്ള പദ്ധതികളുടെ ആവശ്യകത മുൻനിർത്തി എല്ലാ വർഷവും വലിയൊരു തുകയാണ് മാറ്റിവയ്ക്കുന്നത്. കുടിവെള്ളമെന്ന ആവശ്യഘടകത്തിന്റെ ലഭ്യത ഉറപ്പാക്കികൊണ്ട് സി.എഫ്.സി ഫണ്ട്, ഡി.എം എഫ് ഫണ്ട് ഉൾപ്പെടുത്തി ഏകദേശം 57 ലക്ഷം രൂപ വകയിരു ത്തിയിരിക്കുന്നു.

ശുചിത്വം : നമ്മുടെ മുട്ടത്തിന്റെ പ്രധാന വെല്ലുവിളിയാണ് മാലിന്യം. നമ്മുടെ തോടുകളും പുഴകളും പൊതുഇടങ്ങളും മാലിന്യം നിക്ഷേപിക്കുന്ന ഇടങ്ങളായ മാറിയിരിക്കുന്നു. ഇവയെല്ലാം മുൻനിർത്തി സി.എഫ്.സി(ടൈഡ്) ഫ്ണ്ട്, ശുചിത്വമിഷന്റെയും സ്വച്ഛഭാരത് മിഷന്റെയും സംയുക്ത ഫണ്ട് ഉപയോഗപ്പെടുത്തി ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിച്ച് മാലിന്യമുക്ത പഞ്ചായത്ത് എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ഇതോടൊപ്പം ഹരിതകർമ്മസേനയുടെ പ്രവർത്തനം സുഗമമാക്കു ന്നതിലേയ്ക്കായി 50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

ടർഫ്: മുട്ടം പഞ്ചായത്തിലെ കായികപ്രേമികളായ ഓരോരുത്തരുടെയും സ്വപ്നപദ്ധതിയായ ടർഫ് വിത്ത് കഫ്റ്റീരിയ എന്ന പദ്ധതിയും നമ്മുടെ കുട്ടികളുടെ കായികക്ഷമതയെ വർദ്ധിപ്പിക്കുന്ന തോടൊപ്പം തന്നെ സ്വയരക്ഷ മുൻനിർത്തികൊണ്ട് മുട്ടം പഞ്ചായത്തിലെ പൊതുകുളം നവീകരിച്ച് നീന്തൽകുളം പരിശീലനകേന്ദ്രം ആക്കി മാറ്റുന്നതിലേയ്ക്കുമായി സംസ്ഥാന സർക്കാരിന്റെ അതോറിറ്റിയിൽ നിന്നും സ്പോർട്സ് കൗൺസിലിന്റെയും സംയുക്ത സഹകരണത്തോടുകൂടി 1 കോടി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കൃഷി: നമ്മുടെ നാടിന്റെ സമ്പദ്വ്യവസ്ഥയുടെ നെടുംതൂണായ കാർഷികമേഖലയുടെ ഉന്നമനത്തിനും മറ്റനുബന്ധ പ്രവർത്തനങ്ങൾക്കുമായി 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മൃഗസംരക്ഷണം : ക്ഷീരകർഷകരുടെ ഉന്നമനത്തിനും നമ്മുടെ നാട്ടിലെ തെരുവുനായ്ക്കളുടെ ദ്രുതഗതിയിലുള്ള വളർച്ചയെ തടയുക എന്ന ലക്ഷ്യത്തിലേയ്ക്കായി 21 ലക്ഷത്തി നാൽപ്പതിനായിരം രൂപ വകയിരുത്തിയിട്ടുണ്ട്.

വയോജനക്ഷേമം : വയോജനക്ഷേമവും ആരോഗ്യപരമായ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതോടൊപ്പം, വയോജന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിലേക്കുമായി എട്ടുലക്ഷത്തി എഴുപതിനായിരം വകയിരുത്തിയിട്ടുണ്ട്.

ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യംവച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപയും അഗതി ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സ്ത്രീകളു ടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനങ്ങൾക്കായി 23 ലക്ഷം വകയിരുത്തുന്നു. സമൂഹത്തിൽ പാർശ്വ വത്കരിക്കപ്പെട്ടവരുടെ വിവിധ ക്ഷേമപ്രവർത്തനത്തിനായി 10 ലക്ഷത്തി എൺപതിനായിരം രൂപ വകയിരുത്തുന്നു. പട്ടികജാതി ക്ഷേമത്തിനായി 28 ലക്ഷത്തി അറുപത്തി യെണ്ണായിരം രൂപയും പട്ടികവർഗ്ഗവിഭാഗത്തിന്റെ ക്ഷേമത്തിനായി 13 ലക്ഷത്തി അൻപത്തിയൊൻ പതിനായിരം രൂപയും വകയിരുത്തുന്നു. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി 5 ലക്ഷത്തിമുപ്പത്തി അയ്യായിരം രൂപയും മുട്ടം ബൈപാസ് നിർമ്മാണത്തിനായി 25 ലക്ഷം രൂപയും നഗരസൗന്ദര്യ വത്കരണത്തിനായി 3 ലക്ഷം രൂപയും വകയിരുത്തുന്നു. ടൂറിസം മേഖലയിലെ അടിസ്ഥാനസൗകര്യ വികസനത്തിനായി മലങ്കര ടൂറിസം പദ്ധതി എന്ന പേരിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു.

വിവിധ വാർഡുകളിലെ റോഡുകളുടെ നിർമ്മാണ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്കായി 1കോടി ഇരുപത്തിനാല് ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്ത് ഓഫീസിന്റെ നവീകരണം ഓഫീസിലേയ്ക്ക് വാഹനം വാങ്ങൽ തുടങ്ങിയവയ്ക്കായി 27 ലക്ഷം വകയിരുത്തുന്നു. ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും മെയിന്റനൻസിനുമായി 49 ലക്ഷം രൂപ വകയിരുത്തുന്നു. പഞ്ചായത്തിന്റെ വികസന ക്ഷേമപ്രവർത്തനങ്ങളിൽ ഒപ്പം പ്രവർത്തിച്ചുവരുന്ന ബഹു ഇടുക്കി എം.പി. അഡ്വ. ഡീൻ കുര്യാക്കോസ് അവർകളേയും ബഹു.തൊടുപുഴ എം.എൽ.എ ശ്രീ. പി.ജെ. ജോസഫ് അവർകളേയും നന്ദിയോടെ സ്മരിക്കുന്നു. മുട്ടം ഗ്രാമപഞ്ചായത്തിന്റെ ബഹുമാന്യയായ പ്രസിഡന്റ്, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചെയർപേഴ്സൺ, സഹമെമ്പർമാർ, സെക്രട്ടറി, അസി. സെക്രട്ടറി, ഹെഡ്ക്ലർക്ക്, ഹെഡ് അക്കൗണ്ട്, പ്രിയപ്പെട്ട ജീവനക്കാർ, നിർവ്വഹണ ഉദ്യോഗസ്ഥർ, സാങ്കേതിക സഹായം നൽകിയവർ, മാധ്യമ പ്രവർത്തകർ സർവ്വോപരി പഞ്ചായത്തിലെ നല്ലവരായ നാട്ടുകാർ എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു.

ബജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി ഏവരുടെയും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് 2026-27 ലെ കരട് ബജറ്റ് കമ്മിറ്റി മുമ്പാകെ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**അലീന വർഗ്ഗീസ്**
വൈസ് പ്രസിഡന്റ്
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ
മുട്ടം ഗ്രാമപഞ്ചായത്ത്

# ബജറ്റ് ഒറ്റനോട്ടത്തിൽ

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 24,74,963 |
| വരവ് | 14,63,10,197 |
| ആകെ വരവ് | 14.87,85,160 |
| ആകെ ചെലവ് | 14,61,35,160 |
| നീക്കിയിരിപ്പ് | 26,50,000 |

# MUTTOM GRAMAPANCHAYAT

## BUDGET 2026 - 27 (DRAFT)

# BUDGET SUMMARY

| SL.NO. | | PARTICULERS | BUDGET FOR THE CURRENT YEAR | BUDGET FOR NEXT YEAR |
|---|---|---|---|---|
| A | 1 | പ്രാരംഭ ബാക്കി | 15426016 | 2474963 |
| | 2 | നികുതി വരുമാനം | 8200000 | 10980000 |
| | 3 | നികുതിയേതര വരുമാനം | 3072925 | 4136100 |
| | 4 | ജനറൽ പർപ്പസ് ഫണ്ട് | 7621000 | 10005000 |
| | 5 | ആകെ തനതു ഫണ്ട് | 18893925 | 25121100 |
| | 6 | റവന്യൂ വരുമാനം - B Fund | 15144000 | 21200000 |
| | 7 | ആകെ റവന്യൂ വരുമാനം | 34037925 | 46321100 |
| | 8 | മൂലധന വരവ് | 61135329 | 98639097 |
| | 9 | മുൻകൂർ തിരിച്ചടവ് | 610000 | 1350000 |
| | 10 | ആകെ വരവ് (7 + 8 + 9) | 95783254 | 146310197 |
| | 11 | ആകെ വരവ് + പ്രാരംഭ ബാക്കി (7 + 10) | 111209270 | 148785160 |
| B | 12 | ചെലവുകൾ | | |
| | 13 | നിത്യനിദാന ചെലവുകൾ | 20206500 | 20946000 |
| | 14 | റവന്യൂ ചെലവുകൾ | 66092989 | 92310900 |
| | 15 | മൂലധന ചെലവുകൾ | 22434818 | 32878260 |
| | 16 | ആകെ ചെലവുകൾ | 108734307 | 146135160 |
| | 17 | ക്ലോസിംഗ് ബാലൻസ് | 2474963 | 2650000 |

| | Budget 2026-27 | | | |
|---|---|---|---|---|
| | SN | HEAD OF ACCOUNTS | BUDGET FOR 2025-2026 | BUDGET FOR 2026-2027 |
| | | **ഓപ്പണിങ് ബാലൻസ്** | **15426016** | **2474963** |
| **1** | I | വരുമാന രസീത് - 1 | | |
| **1.1** | **I.I** | **നികുതി വരുമാനം - 110** | | |
| | 1 | 1100107 പാർപ്പിട ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 3600000 | 4680000 |
| | 2 | 1100108 പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഉള്ള വസ്തുനികുതി | 1800000 | 3200000 |
| | 3 | 1101001 തൊഴിൽ നികുതി - ജീവനക്കാർ | 2400000 | 2600000 |
| | 4 | 1101002 തൊഴിൽ നികുതി - വ്യാപാരികൾ/ സ്ഥാപനങ്ങൾ | 400000 | 500000 |
| | | **ആകെ നികുതി വരുമാനം** | **8200000** | **10980000** |

| | | | | |
|---|---|---|---|---|
| **1.2** | | **നികുതിയേതര വരുമാനം** | | |
| | 5 | വാടക വരുമാനം - എൽബി പ്രോപ്പർട്ടീസ് - 130 | | |
| | 6 | 1301001 ടൗൺഹാളിൽ നിന്നുള്ള വാടക | 10000 | |
| | 7 | 1301002 സ്റ്റേഡിയത്തിൽ നിന്നുള്ള വാടക | 3000 | |
| | 8 | 1301005 കോൺഫറൻസ് ഹാളിൽ നിന്നുള്ള വാടക | 0 | 10000 |
| | 9 | 1301009 ഹാളുകളിൽ നിന്നും ആഡിറ്റോറിയങ്ങളിൽ നിന്നുമുള്ള വാടക | 5000 | 0 |
| | 10 | 1302003 കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 600000 | 700000 |
| | 11 | 1308099 മറ്റ് വാടകകൾ | 50000 | 20000 |
| | | **ആകെ വാടക വരുമാനം** | **668000** | **730000** |

| | | | | |
|---|---|---|---|---|
| **1.2.2** | | ഫീസും ഉപയോക്തൃ നിരക്കുകളും - 140 | | |
| | 12 | 1401099 മറ്റ് പട്ടികപ്പെടുത്തലും രജിസ്ട്രേഷനുകളും ഫീ | 12000 | 15000 |
| | 13 | 1401101 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് ഫീ | 500000 | 600000 |
| | 14 | 1401106 വളർത്തു നായ്ക്കൾക്കുള്ള ലൈസൻസ് ഫീസ് | 2500 | 3000 |
| | 15 | 1401107 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ഫീസ് | 2000 | 5000 |
| | 16 | 1401201 കെട്ടിട നിർമ്മാണത്തിനുള്ള ഫീസ് | 700000 | 1000000 |
| | 17 | 1401301 ജനന മരണ സർട്ടിഫിക്കറ്റുകൾക്കുള്ള ഫീസ് | 10000 | 10000 |
| | 18 | 1401302 ജനന മരണം താമസിച്ചുള്ള രജിസ്ട്രേഷനുള്ള ഫീസ് | 200 | 500 |
| | 19 | 1401304 വിവാഹ രജിസ്ട്രേഷനുള്ള ഫീസ് | 6000 | 8000 |
| | 20 | 1401305 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിനുള്ള ഫീസ് | 25 | 100 |

| | | | | |
|---|---|---|---|---|
| | 21 | 1401306 രജിസ്ട്രേഷനിലെ തിരുത്തലിനുള്ള ഫീസ് | 700 | 1000 |
| | 22 | 1401399 മറ്റ് സർട്ടിഫിക്കറ്റുകൾക്കും പകർപ്പുകൾക്കുമുള്ള ഫീസുകൾ | 2500 | 2500 |
| | 23 | 1401701 ക്രമവൽക്കരണ ഫീസ് | 130000 | 200000 |
| | 24 | 1401801 അപേക്ഷാ ഫീസ് | 250 | 500 |
| | 25 | 1402001 പിഴപ്പലിശ | 50000 | 70000 |
| | 26 | 1402003 മറ്റ് പിഴകളും ശിക്ഷകളും | 100000 | 100000 |
| | 27 | 1402005 മാലിന്യം വലിച്ചെറിയുന്നതിനുള്ള പിഴ | 275000 | 350000 |
| | 28 | 1404004 ഉടമസ്ഥാവകാശം മാറ്റുന്നതിനുള്ള ഫീസ് -പിഴ | 225000 | 250000 |
| | 29 | 1404008 താമസിച്ചുള്ള രജിസ്ട്രേഷൻ ഫീസ് | 3000 | 5000 |
| | 30 | 1404009 തിരച്ചിൽ ഫീസ് | 150 | 300 |

| | | | | |
|---|---|---|---|---|
| | 31 | 1404011 ലേറ്റ് ഫീ | 100 | 200 |
| | 32 | 1404099 മറ്റ് ഫീസുകൾ | 75500 | 85000 |
| | 33 | 1405018 മാലിന്യ പരിപാലനം - യൂസർ ചാർജ് | 10000 | 100000 |
| | 34 | 1405099 മറ്റ് ഉപയോഗങ്ങൾക്കുള്ള ഫീസുകൾ | 5000 | 5000 |
| | 35 | 1407001 റോഡ് മുറിക്കുന്നതിനുള്ള ചാർജുകൾ | 5000 | 10000 |
| | | **ആകെ ഫീസും ഉപയോക്തൃ നിരക്കുകളും** | **2114925** | **2821100** |
| **1.2.3** | | **വിൽപ്പന, വാടക നിരക്കുകൾ - 150** | | |
| | 36 | 1501001 കാർഷിക ഉത്പ്പന്നങ്ങളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 5000 | 5000 |
| | 37 | 1501101 ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 10000 | 5000 |
| | 38 | 1501102 ടെൻഡർ ഫോമുകളുടെ വിൽപ്പനയിൽ നിന്നുള്ള വരവ് | 0 | 125000 |

| | | | | |
|---|---|---|---|---|
| | 39 | 1501202 ആക്രി വിൽപ്പനയിൽ നിന്നുള്ള വരവ് | 25000 | 150000 |
| | | **ആകെ വിൽപ്പന, വാടക നിരക്കുകൾ** | **40000** | **285000** |
| **1.2.4** | | നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം - 170 | | |
| | 40 | 1701001 നിക്ഷേപങ്ങളിന്മേലുള്ള പലിശ | 250000 | 300000 |
| | | **ആകെ നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം** | **250000** | **300000** |
| | | **ആകെ നികുതിയേതര വരുമാനം** | **3072925** | **4136100** |
| **1.3** | 41 | **1601023 ജനറൽ പർപ്പസ് ഫണ്ട്** | **7621000** | **10005000** |
| | | **ആകെ തനതുവരുമാനം(1+2+3)** | **18893925** | **25121100** |
| **1.3.1** | | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 160(B-Fund) | | |

| | | | | |
|---|---|---|---|---|
| | 42 | 1601010 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 1000000 | 1300000 |
| | 43 | 1601012 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വിധവപെൻഷൻ | 7040000 | 7500000 |
| | 44 | 1601013 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - 50 വയസ്സിനുമുകളിൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 552000 | 600000 |
| | 45 | 1601014 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - ശാരീരിക മാനസിക ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3144000 | 3500000 |
| | 46 | 1601018 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - വാർദ്ധക്യകാല പെൻഷൻ | 1908000 | 2300000 |
| | 47 | 1601080 ഘടകസ്ഥാപനങ്ങൾ/ സ്കീമുകൾക്കുള്ള ഫണ്ട് - സ്ത്രീസുരക്ഷാ പദ്ധതി | 1500000 | 6000000 |
| | | **ആകെ റവന്യൂ ഗ്രാന്റുകൾ(B-Fund)** | **15144000** | **21200000** |
| | | **ആകെ വരുമാന രസീത്(1.1+1.2+1.3+1.3.1)** | **34037925** | **46321100** |

| | | | | |
|---|---|---|---|---|
| **2** | | **മൂലധന രസീത് - 2** | | |
| | | ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ - 320 | | |
| **2.1** | 48 | 3201002 പ്രത്യേക ആവശ്യങ്ങൾക്കുള്ള ഗ്രാന്റുകൾ - പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾക്ക് പരിശോധനകൾക്കുള്ള പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുള്ള ആരോഗ്യ ഗ്രാന്റ് | | 800000 |
| | 49 | 3201004 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിയോടുകൂടിയത് | 4392559 | 4392559 |
| | 50 | 3201005 ധനകാര്യ കമ്മിഷൻ ഗ്രാന്റ് - ഉപാധിരഹിതം | 1699538 | 1699538 |
| | 51 | 3201016 സംയോജിത ശിശു സംരക്ഷണ പദ്ധതി (ഐസിപിഎസ്) | 200000 | 0 |
| | 52 | 3201020 സംയോജിത ശിശു വികസന പദ്ധതി | 800000 | 800000 |
| | 53 | 3201027 സ്വച്ഛ് ഭാരത് മിഷൻ - ഗ്രാമീണം | 1020000 | 500000 |
| | 54 | 3201029 സ്വച്ഛ് ഭാരത് മിഷൻ - ഖരമാലിന്യ സംസ്കരണം | 0 | 1500000 |
| | 55 | 3201044 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 8500000 | 10000000 |

| | | | | |
|---|---|---|---|---|
| | 57 | 3202001 വികസനഫണ്ട് - ജനറൽ | 10818000 | 16058000 |
| | 58 | 3202002 വികസനഫണ്ട് - പ്രത്യേക ഘടക പദ്ധതി | 2777000 | 2868000 |
| | 59 | 3202003 വികസനഫണ്ട് - പട്ടികവർഗ്ഗ ഉപ പദ്ധതി | 1241000 | 1359000 |
| | 60 | 3202009 മെയിന്റനൻസ് ഫണ്ട് - റോഡ് | 8247681 | 12462000 |
| | 61 | 3202010 മെയിന്റനൻസ് ഫണ്ട് - റോഡിതരം | 6069000 | 4900000 |
| | 62 | 3202014 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - സ്റ്റേഡിയങ്ങളും പ്ലേ ഗ്രൗണ്ടുകളും | 0 | 13000000 |
| | 63 | 3202017 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - എം എൽഎ മാരുടെ പ്രാദേശിക വികസനഫണ്ട് | 5057000 | 2500000 |
| | 64 | 3202021 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റുകളും ഫണ്ടുകളും വിഹിതങ്ങളും- സംസ്ഥാനാവിഷ്കൃത പദ്ധതികളും വികസന ഫണ്ടും ഒഴികെ - ലൈഫ് മിഷൻ | 1200000 | 3600000 |
| | 65 | 3202027 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റ് - ഇലക്ഷൻ | 35000 | 10000 |

| | | | | |
|---|---|---|---|---|
| | 66 | 3202028 പ്രത്യേക പദ്ധതികൾക്കുള്ള ഗ്രാന്റ് - ദുരന്ത നിവാരണം | 100000 | 100000 |
| | 67 | 3202035 കോർപ്പസ് ഫണ്ട് - റ്റി എസ് പി | 0 | 4700000 |
| | 68 | 3202037 മറ്റ് റവന്യൂ ഗ്രാന്റുകൾ | 1682000 | 0 |
| | 69 | 3202040 ഖരമാലിന്യനിർമ്മാർജ്ജനത്തിനുള്ള ഗ്രാന്റ്-Suchitwamission) | 360000 | 1100000 |
| | 70 | 3203001 മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള (ഗ്രാന്റ്-Swatch Bharat) | 0 | 2320000 |
| | 71 | 3208010 ഗുണഭോക്തൃ വിഹിതം | 1021025 | 2000000 |
| | 72 | 3209001 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ജില്ലാപഞ്ചായത്തിൽ നിന്ന് | 3058950 | 2100000 |
| | 73 | 3209002 സംയുക്ത പദ്ധതികൾക്കുള്ള വിഹിതം - ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് | 175050 | 1400000 |
| | | **ആകെ ഗ്രാന്റുകൾ, പ്രത്യേക ഉദ്ദേശ്യങ്ങൾക്കുള്ള സംഭാവനകൾ** | **58453803** | **90169097** |
| | | | | |

| | | | | |
|---|---|---|---|---|
| **2.2** | | സുരക്ഷിത വായ്പകൾ - 330 | | |
| | 74 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | 1600000 | 7600000 |
| | | **ആകെ സുരക്ഷിത വായ്പകൾ** | **1600000** | **7600000** |
| **2.3** | | ലഭിച്ച നിക്ഷേപങ്ങൾ - 340 | | |
| | 75 | 3401003 പിടിച്ച് വച്ച തുക(EMD) | 125000 | 150000 |
| | | **ആകെ ലഭിച്ച നിക്ഷേപങ്ങൾ** | **125000** | **150000** |
| **2.4** | | മറ്റ് ബാധ്യതകൾ - 350 | | |
| | 76 | 3502026 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | 2976 | 0 |
| | 77 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 750000 | 400000 |
| | 78 | 3503013 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – മറ്റുള്ളവ | 203550 | 320000 |
| | | **ആകെ മറ്റ് ബാധ്യതകൾ** | **956526** | **720000** |

| | | | | |
|---|---|---|---|---|
| | | **ആകെ മൂലധന രസീത്** | **61135329** | **98639097** |
| **2.5** | | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460- Advance Refund) | | |
| | 79 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 60000 | 300000 |
| | 79 | 4605004 ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | 50000 | 100000 |
| | 80 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 500000 | 950000 |
| | | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | **610000** | **1350000** |
| | | **ആകെ വരവ് (1+2)** | **95783254** | **146310197** |
| | | **പ്രാരംഭബാക്കി+വരവ്** | **111209270** | **148785160** |

| | | | | |
|---|---|---|---|---|
| **3** | | **റവന്യൂ ചെലവ് - 3** | | |
| **3.1** | | സ്ഥാപന ചെലവുകൾ - 210 | | |
| | 81 | 2101001 ശമ്പളം - സെക്രട്ടറി | 850000 | 1400000 |
| | 82 | 2101003 ശമ്പളം - സ്ഥിരം ജീവനക്കാർ | 8000000 | 9500000 |
| | 83 | 2101004 ശമ്പളം - കരാർ ജീവനക്കാർ | 1595385 | 850000 |
| | 84 | 2101007 ശമ്പളം - പാർട്ട് ടൈം കണ്ടീജന്റ് ജീവനക്കാർ | 700000 | 1000000 |
| | 85 | 2101101 വേതനം | 100000 | 100000 |
| | 86 | 2101201 ബോണസ് | 90000 | 35000 |
| | 87 | 2101401 മാനവേതനം | 1550000 | 120000 |
| | 88 | 2101501 ഉത്സവബത്ത | 0 | 45000 |

| | | | | | |
|---|---|---|---|---|---|
| | 89 | 2102001 യാത്രാബത്തകൾ - സെക്രട്ടറി | 40000 | 40000 |
| | 90 | 2102003 യാത്രാബത്തകൾ - സ്ഥിരജീവനക്കാർ | 160000 | 150000 |
| | 91 | 2102004 യാത്രാബത്തകൾ - താൽക്കാലിക ജിവനക്കാർ | 0 | 6000 |
| | 92 | 2102006 മറ്റ് ബത്തകൾ - സെക്രട്ടറി | 10000 | 10000 |
| | 93 | 2102008 മറ്റ് ബത്തകൾ - സ്ഥിരജീവനക്കാർ | 50000 | 30000 |
| | 94 | 2102010 മറ്റ് ബത്തകൾ - കണ്ടീജന്റ് ജീവനക്കാർ | 40000 | 10000 |
| | 95 | 2102014 മാനവേതനവും ഹാജർ ബത്തയും - കൗൺസിലർമാർ/ അംഗങ്ങൾ | 950000 | 1550000 |
| | 96 | 2102018 കണ്ണട അലവൻസ് | 0 | 15000 |
| | 97 | 2102019 അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്ഥിരം സമിതി അദ്ധ്യക്ഷർ, കൗൺസിലർമാർ/ അംഗങ്ങൾ എന്നിവരുടെ യാത്രാചെലവുകൾ | 35000 | 100000 |
| | 98 | 2102026 അവധി യാത്രാബത്ത | 0 | 50000 |

| | | | | |
|---|---|---|---|---|
| | 99 | 2104001 ടെർമിനൽ ലീവ് സറണ്ടർ | 0 | 500000 |
| | 100 | 2105001 പ്രതിഫലം | 0 | 50000 |
| | 101 | 2105099 മറ്റ് എസ്റ്റാബ്ളിഷ്മെന്റ് ചിലവുകൾ | 36000 | 0 |
| | | **ആകെ സ്ഥാപന ചെലവുകൾ** | **14206385** | **15561000** |
| **3.2** | | ഭരണപരമായ ചെലവുകൾ - 220 | | |
| | 102 | 2201001 കെട്ടിടങ്ങളുടെ വാടക | 10000 | 0 |
| | 103 | 2201002 ഭൂനികുതി / അടിസ്ഥാന നികുതി | 0 | 5000 |
| | 104 | 2201101 ആഫീസിലെ വൈദ്യുതി ചെലവുകൾ | 125000 | 125000 |
| | 105 | 2201104 സർവ്വീസ് കണക്ഷൻ ചാർജ് (കെഎസ്ഇബി/ കെഡബ്ല്യുഎ)) | 20000 | 20000 |
| | 106 | 2201105 വെള്ളക്കരം - തദ്ദേശസ്ഥാപന കെട്ടിടങ്ങൾ | 60000 | 60000 |

| | | | | |
|---|---|---|---|---|
| | 107 | 2201199 മറ്റ് ആഫീസ് പരിപാലന ചെലവുകൾ | 0 | 100000 |
| | 108 | 2201201 ടെലഫോൺ ചെലവുകൾ/ ഇന്റർനെറ്റ് ചാർജുകൾ | 100000 | 50000 |
| | 109 | 2201202 തപാൽ ചെലവുകൾ | 50000 | 50000 |
| | 110 | 2201299 പലവക വിനിമയ ചെലവുകൾ | 50000 | 50000 |
| | 111 | 2202101 അച്ചടിയും സ്റ്റേഷനറികളും | 150000 | 150000 |
| | 112 | 2204001 ഇൻഷുറൻസ് | 25000 | 0 |
| | 113 | 2204002 ഇൻഷുറൻസ് - വാഹനങ്ങൾ | 0 | 10000 |
| | 114 | 2205101 പലവക നിയമപരമായ ചെലവുകൾ | 190000 | 100000 |
| | 115 | 2205201 വിദഗ്ദ്ധർക്കും മറ്റുമുള്ള ഫീസ് | 25000 | 50000 |
| | 116 | 2206001 പത്രപ്പരസ്യത്തിനുള്ള ചെലവുകൾ | 35000 | 35000 |

| | | | | |
|---|---|---|---|---|
| | 117 | 2206099 മറ്റ് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമുള്ള ചാർജ്ജുകൾ | 0 | 25000 |
| | 118 | 2206101 അംഗത്വവും വരിസംഖ്യയും | 25000 | 50000 |
| | 119 | 2208005 സർക്കാർ ഉത്തരവ് പ്രകാരമുള്ള സംഭാവനകളും വിഹിതങ്ങളും | 80000 | 100000 |
| | 120 | 2208099 മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 100000 | 100000 |
| | 121 | 2302001 വെള്ളത്തിന്റെ ചാർജ്ജുകൾ - സ്ട്രീറ്റ് ടാപ്പ് | 1600000 | 1700000 |
| | | **ആകെ ഭരണപരമായ ചെലവുകൾ** | **2645000** | **2780000** |
| **3.3** | | പ്രവർത്തനവും പരിപാലനവും - 230 | | |
| | 122 | 2301001 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജുകൾ | 1000000 | 1000000 |
| | 123 | 2301002 ഇന്ധനചെലവുകൾ | 30000 | 50000 |
| | 124 | 2304001 വാഹനങ്ങളുടെ വാടക | 0 | 10000 |

| | | | | |
|---|---|---|---|---|
| | 125 | 2304002 ഉപകരണങ്ങളുടെ വാടക | 0 | 25000 |
| | 126 | 2304101 നായ കടിക്കുന്നതിനുള്ള നഷ്ടപരിഹാരം | 25000 | 300000 |
| | 127 | 2305001 സംരക്ഷണവും പരിപാലനവും - റോഡുകളും നടപ്പാതകളും | 1500000 | 150000 |
| | 128 | 2305201 സംരക്ഷണവും പരിപാലനവും - കെട്ടിടങ്ങൾ | 25000 | 25000 |
| | 129 | 2305901 സംരക്ഷണവും പരിപാലനവും - യന്ത്രങ്ങൾ | 0 | 100000 |
| | 130 | 2305902 സംരക്ഷണവും പരിപാലനവും - ഓഫീസ് ഉപകരണങ്ങൾ | 50000 | 50000 |
| | 131 | 2308001 എലി, നായ എന്നിവയുടെ നശീകരണത്തിനുള്ള കൂലി | 30000 | 30000 |
| | 132 | 2308005 നികുതി പിരിവുമായി ബന്ധപ്പെട്ട ചെലവുകൾ | 30000 | 30000 |
| | 133 | 2308010 അസാധാരണ ചെലവുകൾ | 80000 | 50000 |
| | 134 | 2308011 അനധികൃത നിർമാണം മാറ്റുന്നതിനുള്ള ചെലവ് | 0 | 25000 |

| | | | | |
|---|---|---|---|---|
| | 135 | 2308012 കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചെലവ് | 0 | 100000 |
| | 136 | 2308013 ശുചിത്വ ചെലവുകൾ | 250000 | 250000 |
| | 137 | 2308099 മറ്റ് പ്രവർത്തനങ്ങളുടെയും അറ്റകുറ്റപ്പണികളുടെയും ചെലവുകൾ | 175000 | 175000 |
| | 138 | 2308201 ലഘുഭക്ഷണ ചെലവുകൾ | 130000 | 150000 |
| | | **ആകെ പ്രവർത്തനവും പരിപാലനവും** | **3325000** | **2520000** |
| **3.4** | | പലിശയും ധനകാര്യ നിരക്കുകളും - 240 | | |
| | 139 | 2407001 ബാങ്ക് ചാർജുകൾ | 5000 | 5000 |
| | 140 | 2408001 മറ്റ് ധനകാര്യ ചെലവുകൾ | 25115 | 30000 |
| | 141 | 2408002 നികുതികൾക്കും മറ്റ് വരവുകൾക്കുമുള്ള റിബേറ്റ് | 0 | 50000 |
| | | **ആകെ പലിശയും ധനകാര്യ നിരക്കുകളും** | **30115** | **85000** |
| | | **ആകെ നിത്യ നിദാന ചെലവുകൾ** | **20206500** | **20946000** |

| | | | | |
|---|---|---|---|---|
| **3.5** | | പ്രോഗ്രാം ചെലവുകൾ - 250 | | |
| | 142 | 2501001 ഇലക്ഷൻ ചെലവുകൾ | 335000 | 25000 |
| | 143 | 2502001 ദാരിദ്ര്യനിവാരണ പദ്ധതിയിന്മേലുള്ള ചെലവുകൾ | 10000000 | 10000000 |
| | 144 | 2502002 ദുരന്തനിവാരണപ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ | 100000 | 615800 |
| | | **ആകെ പ്രോഗ്രാം ചെലവുകൾ** | **10435000** | **10640800** |
| **3.6** | | ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 251 | | |
| | 145 | 2510102 കൃഷി - തേങ്ങ | 466666 | 246600 |
| | 146 | 2510104 കൃഷി - പച്ചക്കറികൾ | 266666 | 333000 |
| | 147 | 2510105 കൃഷി - വാഴ | 100000 | 100000 |
| | 148 | 2510106 കൃഷി - കിഴങ്ങ് വർഗ്ഗങ്ങൾ | 272160 | 57300 |

| | | | | |
|---|---|---|---|---|
| | 149 | 2510107 കൃഷി - പഴങ്ങളും അതിന്റെ മരങ്ങളും | 132750 | 66000 |
| | 150 | 2510115 കൃഷി - തേനീച്ച വളർത്തൽ | 100000 | 200000 |
| | 151 | 2510201 മൃഗസംരക്ഷണം - പശു | 1134900 | 801600 |
| | 152 | 2510204 മൃഗസംരക്ഷണം - കന്നുക്കുട്ടി | 238000 | 1455000 |
| | 153 | 2510205 മൃഗസംരക്ഷണം - കോഴി വളർത്തൽ | 211250 | 260000 |
| | 154 | 2510209 മൃഗസംരക്ഷണം - പശ്ചാത്തല സൗകര്യങ്ങൾ | 1450000 | 1050000 |
| | 155 | 2510210 മൃഗസംരക്ഷണം - രോഗ നിയന്ത്രണം | 585550 | 80000 |
| | 156 | 2510215 മൃഗങ്ങളുടെ സംരക്ഷണം/കാലികളെ ഇൻഷ്വർ ചെയ്യൽ | 85000 | 873600 |
| | 157 | 2510305 ക്ഷീരവികസനം - പാൽ ഇൻസെന്റീവ് | 850000 | 600000 |
| | 158 | 2510403-തെരുവുനായ സംരക്ഷണം-വിവിധ പ്രവർത്തനങ്ങൾ | | 245000 |

| | | | | |
|---|---|---|---|---|
| | 159 | 2510502 ചെറുകിട ജലസേചനം - വ്യക്തിഗത സൗകര്യങ്ങൾ | 100000 | |
| | 160 | 2510703-Solar Power Generation | | 700000 |
| | 161 | 2510804 പരിസ്ഥിതി സംരക്ഷണം | 150000 | |
| | 162 | 2511301 സ്വയംതൊഴിലും വിപണന പ്രോത്സാഹനവും | 129000 | 300000 |
| | | **ആകെ ഉൽപാദന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **6271942** | **7368100** |
| **3.6.1** | | സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 252 | | |
| | 163 | 2520107 വിദ്യാഭ്യാസം - അനുബന്ധ പ്രവർത്തനങ്ങൾ | 395000 | 375000 |
| | 164 | 252018-പ്രൈമറി സ്കൂൾകൾ | | 150000 |
| | 165 | 2520109 പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് മികവിന് പ്രോത്സാഹനം | 350000 | 600000 |
| | 166 | 2520111 എസ് എസ് എ ക്കുള്ള വിഹിതം | 130000 | 150000 |

| | | | | |
|---|---|---|---|---|
| | 167 | 2520503 കല, സംസ്കാരം, സ്പോർട്സ്, യുവജനക്ഷേമം - പ്രമോഷൻ | 75000 | 300000 |
| | 168 | 2520301-Libraries and Reading room-Infra Structure | | 500000 |
| | 169 | 2520501-Tourism Infra Structure | | 1000000 |
| | 170 | 2520602 ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾ | 800000 | 125000 |
| | 171 | 2520603 ആരോഗ്യ ഉപകേന്ദ്രങ്ങൾ | 500000 | 825000 |
| | 172 | 2520618 ആരോഗ്യ സ്ഥാപനങ്ങൾ - അലോപ്പതി | 1719000 | 650000 |
| | 173 | 2520619 ആരോഗ്യ സ്ഥാപനങ്ങൾ - ആയുർവേദം | 1300000 | 1420000 |
| | 174 | 2520701 കുടിവെള്ളം - വ്യക്തിഗതം | 345500 | 0 |
| | 175 | 2520702 കുടിവെള്ളം - പൊതു | 269000 | 3153500 |
| | 176 | 2520801 ഭവനനിർമ്മാണവും വീട് വൈദ്യുതീകരണവും - വ്യക്തിഗതം | 15457000 | 18350000 |

| | | | | |
|---|---|---|---|---|
| | 177 | 2520802-ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം | 1000000 | 3000000 |
| | 178 | വീട് വാസയോഗ്യമാക്കൽ | | 2350000 |
| | 179 | 2520902 കുട്ടികളുടെ ക്ഷേമ പരിപാടികൾ | 13000 | 64000 |
| | 180 | 2520903 സ്ത്രീകളുടെ ക്ഷേമം | 142240 | 877000 |
| | 181 | 2520904 പ്രായമായവരുടെ ക്ഷേമം | 137000 | 723000 |
| | 182 | 2520905 അഗതികൾക്കുള്ള ക്ഷേമപരിപാടികൾ | 145000 | 205000 |
| | 183 | 2520906 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള ക്ഷേമ പരിപാടികൾ | 633200 | 780000 |
| | 184 | 2520908 സാമൂഹ്യ സുരക്ഷാ പരിപാടികൾ | 178750 | 200000 |
| | 185 | 2521001 അംഗൻവാടി പോഷകാഹാരം | 1400000 | 1200000 |
| | 186 | 2521101 അംഗൻവാടി ഭൗതിക സൗകര്യങ്ങൾ | 1150000 | 611000 |

| | | | | |
|---|---|---|---|---|
| | 187 | 2521201 തൊഴിൽ ശേഷി വർദ്ധിപ്പിക്കൽ - തൊഴിൽ പരിശീലനം | 50000 | 400000 |
| | 188 | 2521601 തദ്ദേശഭരണ സ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 150000 | 35000 |
| | 189 | 2521602 ഐകെഎമ്മിനുള്ള പേയ്മെന്റുകൾ | 300000 | 160000 |
| | 190 | 2521701 ഘടകസ്ഥാപനങ്ങളിലെ സേവനങ്ങൾ മെച്ചപ്പെടുത്തൽ | 280000 | 290000 |
| | 191 | 2521902 ശുചിത്വവും മാലിന്യ പരിപാലനവും - പൊതു | 1000000 | 2500000 |
| | 192 | 2521904 ശൗചാലയം (വ്യക്തിഗതം) | 1400000 | 0 |
| | 193 | 2521906 ശൗചാലയം (പൊതു/കമ്മ്യൂണിറ്റി തലം) | 75000 | 0 |
| | 194 | 2522001 പദ്ധതി രൂപീകരണം, നിർവ്വഹണം, മേൽനോട്ടം | 125000 | 440000 |
| | 195 | 2522202 കാലാവസ്ഥാ വ്യതിയാനം - അനുബന്ധ സേവനങ്ങൾ | 280000 | 250000 |
| | 196 | 2522303 ഖരമാലിന്യ പരിപാലനം - ആരംഭ പ്രവർത്തനങ്ങൾ | 19875 | 350000 |

| | | | | |
|---|---|---|---|---|
| | 197 | 2522305 ഖരമാലിന്യ പരിപാലനം - ശേഖരണവും പരിവഹണവും | 350000 | 300000 |
| | 198 | 2522309 ഖരമാലിന്യ പരിപാലനം - അനുബന്ധ പ്രവർത്തനങ്ങൾ | 0 | 600000 |
| | 199 | 2522310 ഖരമാലിന്യ പരിപാലനം - ഒഴിവാക്കൽ | 407191 | 600000 |
| | 200 | 2522311 ഖരമാലിന്യ പരിപാലനം - സംയോജിത പദ്ധതികൾ | 200000 | 100000 |
| | 201 | 2522314 ഖരമാലിന്യ പരിപാലനം - പ്രോസസ്സിംഗ് - വ്യക്തിഗതം | 498260 | 628500 |
| | 202 | 2523201 വിവരവിജ്ഞാനവ്യാപനശേഷി വികസനം | 150000 | 175000 |
| | | **ആകെ സേവന മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **30425016** | **44437000** |
| **3.6.2** | | അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ - 253 | | |
| | 203 | 2530102 ആഫീസ് വൈദ്യുതീകരണം | 135000 | 300000 |
| | 204 | 2530201 റോഡുകൾ | 110907 | 3625000 |

| | | | | |
|---|---|---|---|---|
| | 205 | 2530202 നടപ്പാതകൾ | 185702 | 1000000 |
| | 206 | 2530301 പൊതു കെട്ടിടങ്ങൾ - തദ്ദേശ ഭരണ ആഫീസ് കെട്ടിടം | 1018121 | 1500000 |
| | 207 | 2530302 പൊതു കെട്ടിടങ്ങൾ - മറ്റ് കെട്ടിടങ്ങൾ | 50000 | 800000 |
| | 208 | 2530501 എഞ്ചിനീയറിംഗ് വിങ്ങിനുള്ള വാഹന വാടക | 159000 | 200000 |
| | 209 | 2530502 ഹയറിങ് ഓഫ് വെഹിക്കിൾ ഫോർ ഓഫീസ് പർപ്പസ് | 532000 | 600000 |
| | | **ആകെ അടിസ്ഥാന സൗകര്യ മേഖലയുമായി ബന്ധപ്പെട്ട ചെലവുകൾ** | **2190730** | **8025000** |
| **3.7** | | സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ - 254 | | |
| | 210 | 2540110 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 3144000 | 3500000 |
| | 211 | 2540111 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ | 1000000 | 1300000 |

| | | | | |
|---|---|---|---|---|
| | 212 | 2540113 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വിധവ പെൻഷൻ | 7040000 | 7500000 |
| | 213 | 2540114 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 552000 | 600000 |
| | 214 | 2540118 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - വാർദ്ധക്യകാല പെൻഷൻ | 1908000 | 2300000 |
| | 215 | 2540138 ഘടകസ്ഥാപനങ്ങളുടെ ചെലവുകളും പ്രോഗ്രാമുകളും സ്കീമുകളും - സ്ത്രീസുരക്ഷാ പദ്ധതി | 1500000 | 6000000 |
| | | **ആകെ സംസ്ഥാന സ്പോൺസർ ചെയ്ത പദ്ധതികളുമായി ബന്ധപ്പെട്ട ചെലവുകൾ** | **15144000** | **21200000** |
| **3.8** | | റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ - 260 | | |
| | 216 | 2601002 സ്കൂളുകൾക്കുള്ള ധനസഹായം | 500000 | 0 |
| | 217 | 2601005 ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | 2530 | 0 |
| | 218 | 2601007 സാക്ഷരത പദ്ധതി ധനസഹായം - റവന്യൂ ചെലവുകൾ | 2888 | 0 |

| | | | | |
|---|---|---|---|---|
| | 219 | 2601010 തനതു ഫണ്ടിൽ നിന്നുള്ള ഗ്രാന്റുകളും വിഹിതങ്ങളും നഷ്ടപരിഹാരങ്ങളും-നിലത്തെഴുത്ത് ആശാന്മാർക്കുള്ള ധനസഹായം | 0 | 40000 |
| | 220 | 2602301 അപകടകരമായ വൃക്ഷങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള ചെലവ് | 100000 | 100000 |
| | | **ആകെ റവന്യൂ ഗ്രാന്റുകൾ, സംഭാവനകൾ, സബ്സിഡികൾ** | **605418** | **140000** |
| **3.9** | | മുൻ കാലയളവിലെ ഇനങ്ങൾ - 280 | | |
| | 221 | 2808001 മുൻകാല ചെലവുകൾ | 150000 | 0 |
| | | ആകെ മുൻ കാലയളവിലെ ഇനങ്ങൾ | 150000 | 0 |
| | | **ആകെ റവന്യൂ ചെലവ്** | **86248606** | **113256900** |
| **4** | | മൂലധനച്ചെലവ് - 4 | | |
| **4.1** | | സുരക്ഷിത വായ്പകളുടെ തിരിച്ചടവ് - 330 | | |
| | 222 | 3305003 കെയുആർഡിഎഫ് സിയിൽ നിന്നുള്ള വായ്പകൾ | 500000 | 700000 |

| | | | | |
|---|---|---|---|---|
| | | ആകെ സുരക്ഷിത വായ്പകളുടെ തിരിച്ചടവ് | 500000 | 700000 |
| | | | | |
| **4.2** | | നിക്ഷേപങ്ങളുടെ റീഫണ്ട് - 340 | | |
| | 223 | 3401001 നിരതദ്രവ്യം | 980000 | 25000 |
| | 224 | 3401003 പിടിച്ച് വച്ച തുക | 110000 | 150000 |
| | 225 | 3402001 വാടക നിക്ഷേപം | 25000 | 0 |
| | 226 | 3402006 ഇലക്ഷൻ നിക്ഷേപം (സ്ഥാനാർത്ഥി) | 67000 | 25000 |
| | 227 | 3408099 മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചത് | 320000 | 150760 |
| | | **ആകെ നിക്ഷേപങ്ങളുടെ റീഫണ്ട്** | **1502000** | **350760** |
| | | | | |

| | | | | |
|---|---|---|---|---|
| **4.3** | | തിരിച്ചടവുകളുടെ പേയ്മെന്റ് - 350 | | |
| | 228 | 3501102 മൊത്തശമ്പളം നൽകാനുള്ളത് | 484595 | 650000 |
| | 229 | 3501116 പെൻഷൻ കോ ൺ ട്രിബ്യൂഷൻ അടക്കാനുള്ളത് | 57408 | 0 |
| | 230 | 3501122 അവധി ശമ്പളം നൽകാനുള്ളത് | 0 | 0 |
| | 231 | 3501201 വായ്പകളുടെ പലിശ നൽകാനുള്ളത് | 1000 | 0 |
| | 232 | 3501301 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ (എൻപിഎസ്) | 57190 | 65000 |
| | 233 | 3501303 തൊഴിലുടമയുടെ ബാധ്യതകൾ - പെൻഷൻ കോൺട്രിബ്യൂഷൻ | 80000 | 0 |
| | 234 | 3502002 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള പഞ്ചായത്ത് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് | 71359 | 55000 |
| | 235 | 3502003 വസൂലാക്കിയത് ഒടുക്കാനുള്ളവ - മുനിസിപ്പാലിറ്റി റെഗുലർ ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് | 3344 | 15000 |
| | 236 | 3502006 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഇൻഷുറൻസ് പ്രീമിയം | 6979 | 5000 |

| | | | | |
|---|---|---|---|---|
| | 237 | 3502012 വസൂലാക്കിയത് ഒടുക്കാനുള്ളവ - സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് | 8750 | 10000 |
| | 238 | 3502014 വസൂലാക്കിയത് ഒടുക്കാനുള്ളവ - ഗ്രൂപ്പ് ഇൻഷുറൻസ് | 8800 | 10000 |
| | 239 | 3502020 വസൂലാക്കിയത് ഒടുക്കാനുള്ളവ - കോൺട്രിബ്യൂട്ടറി പെൻഷൻ | 12190 | 35000 |
| | 240 | 3502022 വസൂലാക്കിയത് ഒടുക്കാനുള്ളവ - മെഡിസെപ് - റെഗുലർ | 6500 | 6500 |
| | 241 | 3502026 വസൂലാക്കിയത് ഒടുക്കാനുള്ളവ - കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് | 2976 | 15000 |
| | 242 | 3503001 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – ലൈബ്രറി സെസ് | 750000 | 400000 |
| | 243 | 3503005 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് - സിജിഎസ് റ്റി | 2484 | 8000 |
| | 244 | 3503006 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – റ്റിഡിഎസ് - എസ് ജിഎസ് റ്റി | 2484 | 8000 |
| | 245 | 3503008 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – സിജിഎസ് റ്റി | 19526 | 25000 |
| | 246 | 3503009 സർക്കാർ,സർക്കാരിതര സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ട തുക – എസ് ജിഎസ് റ്റി | 19526 | 25000 |

| | | | | |
|---|---|---|---|---|
| | 247 | 3504099 കൊടുക്കാനുള്ള തിരിച്ചടവുകൾ - മറ്റുള്ളവ | 100000 | 10000 |
| | | **ആകെ തിരിച്ചടവുകളുടെ പേയ്മെന്റ്** | **1695111** | **1342500** |
| **4.4** | | സ്ഥിര ആസ്തികൾ - 410 | | |
| | 248 | 4101002 ഗ്രൗണ്ടുകൾ | 392000 | 13000000 |
| | 249 | 4101008 പൊതുകിണർ/കുളങ്ങൾ | 317000 | 2500000 |
| | 250 | 4102016 മറ്റ് കെട്ടിടങ്ങൾ | 1178894 | 500000 |
| | 251 | 4103001 കോൺക്രീറ്റ് റോഡുകൾ | 1936110 | 1200000 |
| | 252 | 4103002 ബ്ലാക്ക് ടോപ്പ്ഡ് റോഡുകൾ | 6741451 | 5800000 |
| | 253 | 4103003 ഇന്റർലോക്ക്ഡ് റോഡുകൾ | 438455 | 878000 |
| | 254 | 4103004 നടപ്പാത | 342650 | 1000000 |

| | | | | |
|---|---|---|---|---|
| | 255 | 4103012 സൈഡ് വാൾ | 1185666 | 600000 |
| | 256 | 4103102 ഓടകൾ | 445174 | 1300000 |
| | 257 | 4103302 തെരുവ് വിളക്ക് | 150000 | 200000 |
| | 258 | 4104001 പ്ലാന്റുകളും യന്ത്രസാമഗ്രികളും | 1362000 | 200000 |
| | 259 | 4106001 ആഫീസിലെയും മറ്റുമുള്ള ഉപകരണങ്ങൾ | 563239 | 557000 |
| | 260 | 4106002 കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ മറ്റ് ഉപകരണങ്ങൾ | 375000 | 500000 |
| | 261 | 4107001 ഫർണീച്ചർ, ഉറപ്പിച്ചിരിക്കുന്നവ, ഫിറ്റിംഗ്സ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ | 353807 | 100000 |
| | 262 | 4108001 മറ്റ് സ്ഥിര ആസ്തികൾ | 2105154 | 500000 |
| | | **ആകെ സ്ഥിര ആസ്തികൾ** | **17886600** | **28835000** |

| | | | | |
|---|---|---|---|---|
| **4.5** | | കൈയിലുള്ള സ്റ്റോക്ക് - 430 | | |
| | 263 | 4301002 സാധനങ്ങൾ വാങ്ങൽ - സ്റ്റോർസ് | 292000 | 300000 |
| | | **ആകെ കൈയിലുള്ള സ്റ്റോക്ക്** | **292000** | **300000** |
| **4.6** | | വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ - 460 | | |
| | 264 | 4601001 ജീവനക്കാർക്കുള്ള ഉത്സവ മുൻകൂറുകൾ | 60000 | 300000 |
| | 265 | 4605004 ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള താൽക്കാലിക മുൻകൂറുകൾ | 50000 | 100000 |
| | 266 | 4605005 മഹാത്മാഗാന്ധി എൻആർഇജിഎസ്/ എയുഇജിഎസ് നുള്ള മുൻകൂറുകൾ | 500000 | 950000 |
| | | **ആകെ വായ്പകൾ, മുൻകൂർ പണം, നിക്ഷേപങ്ങൾ** | **610000** | **1350000** |
| | | **ആകെ മൂലധനച്ചെലവ്** | **22434818** | **32878260** |
| | | **ആകെ ചെലവ്(Revenue+Capital)** | **10,87,34,307** | **14,61,35,160** |
| | | **ക്ലോസിംഗ് ബാലൻസ്** | **24,74,963** | **26,50,000** |